പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2969

22.02.2016 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ ;

(എ) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവയുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2558 |
| 2. | കൊല്ലം | 44 |
| 3. | പത്തനംതിട്ട | 35 |
| 4. | ആലപ്പുഴ | 2627 |
| 5. | കോട്ടയം | 105 |
| 6. | ഇടുക്കി | 37851 |
| 7. | എറണാകുളം | 25 |
| 8. | തൃശ്ശൂർ | 25 |
| 9. | പാലക്കാട് | 2351 |
| 10. | മലപ്പുറം | 239 |
| 11. | കോഴിക്കോട് | 1866 |
| 12. | വയനാട് | 10837 |
| 13. | കണ്ണൂർ | 11733 |
| 14. | കാസർഗോഡ് | 10838 |
| | **ആകെ** | 81134 |

(ബി) കാർഷിക തകർച്ചയും മറ്റ് കാരണങ്ങളാലും കൃഷിക്കാർ അവശത അനുഭവിക്കുന്ന സാഹചര്യത്തിൽ അവർക്കുള്ള കടാശ്വാസ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പറയാമോ ?

(ബി) കടാശ്വാസത്തിനായി ലഭ്യമായ അപേക്ഷകളിന്മേൽ അർഹത നിശ്ചയിക്കുന്നതിനായി കടാശ്വാസകമ്മീഷൻ ആക്ട് വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും കക്ഷികളിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും ആവശ്യമായ രേഖകൾ വരുത്തി വിചാരണ നടത്തേണ്ടതുമുണ്ട്. വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ചും കമ്മീഷൻ ഓഫീസിൽ വച്ചും ലഭ്യമായ ഭൗതിക സാഹചര്യം ഉപയോഗിച്ച് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**